(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) വെള്ളം കെട്ടിനിൽക്കുന്ന താഴ്ന്ന സ്ഥലങ്ങളിലൂടെ കടന്നുപോകുന്ന സ്റ്റേറ്റ് ഹൈവേ റോഡുകൾ ഉയർത്തുന്നതിന് എന്തെങ്കിലും നിർദ്ദേശം ഇപ്പോൾ പരിഗണനയിലുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത റോഡിൽ വെള്ളം കെട്ടിനിൽക്കുന്ന ഭാഗങ്ങളിൽ ഡ്രെയിനേജ് സാദ്ധ്യമാക്കാനുള്ള ഓടയുടെ നിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) താഴ്ന്ന സ്ഥലങ്ങളിൽ കൂടി പോകുന്ന എല്ലാ സ്റ്റേറ്റ് ഹൈവേ റോഡുകളും ഉയർത്താനുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ സ്റ്റേറ്റ് ഹൈവേ-38-ൽ 4/400 മുതൽ 17/400 വരെ ഭാഗത്തെ വികസനത്തിനുള്ള ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി പരിഗണനയിലാണ്.

പീരുമേട് താലൂക്കിൽ 35-ാം മൈൽ-അഴങ്ങാട് റോഡ്
പൊതുമരാമത്ത് ഏറ്റെടുക്കുന്ന നടപടി

75 [691] ശ്രീ. ഇ.എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ 35-ാം മൈൽ, ബോയ്സ് എസ്റ്റേറ്റ്-മേലോരം-അഴങ്ങാട് റോഡ് പൊതുമരാമത്ത് ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതു സംബന്ധിച്ചുള്ള ഫയലുകൾ എവിടെയെല്ലാം ഏതെല്ലാം അവസ്ഥകളിൽ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഇക്കാര്യത്തിൽ നടപടി പൂർത്തീകരിച്ച് ഉത്തരവായിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ—സി) പ്രസ്തുത റോഡ് ഏറ്റെടുക്കുന്നതിനുള്ള ഒരു നടപടിയും ആരംഭിച്ചിട്ടില്ല. 26-5-2004-ൽ പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും നടന്ന യോഗത്തിൽ ജില്ലകളിലെ റോഡുകളുടെ മൊത്തത്തിലുള്ള പിന്നോക്കാവസ്ഥ പരിഗണിച്ച് അടിയന്തിര പ്രാധാന്യമുള്ള റോഡുകൾ ഏറ്റെടുക്കുന്നതിനുള്ള പുതുക്കിയ പട്ടിക സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly